**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5763** **08-07-2024 - ൽ മറുപടിയ്ക്ക്**

**ഭക്ഷ്യ വസ്തുക്കളിലെ മായം ചേർക്കൽ തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ഹോട്ടലുകളിലെ ഭക്ഷണങ്ങളിൽ രാസപദാർത്ഥങ്ങൾ ചേർത്തുകൊണ്ട് രുചി വർദ്ധിപ്പിച്ച് വിൽപന നടത്തുന്നതിനെതിരെ എന്തെങ്കിലും നടപടികൾ സ്വീകരിച്ചുവരുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ? | (എ) | ദൈനംദിന പരിശോധനകളുടെ ഭാഗമായും, സ്പെഷ്യൽ സ്ക്വാഡുകൾ രൂപീകരിച്ചും ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ മറ്റ് eateries എന്നിവിടങ്ങളിൽ പരിശോധനകൾ നടത്തി പാകം ചെയ്ത ഭക്ഷ്യ വസ്തുക്കളുടെ സ്റ്റാറ്റ്യൂട്ടറി സാമ്പിളുകൾ ശേഖരിച്ച് പരിശോധനയ്ക്ക് നൽകിവരുന്നു. അവയിൽ അനുവദനീയമല്ലാത്ത രാസവസ്തുക്കൾ ചേർത്തതായി പരിശോധനാ ഫലം ലഭിയ്ക്കുന്ന പക്ഷം കുറ്റക്കാർക്കെതിരെ പ്രോസിക്യൂഷൻ നടപടികൾ സ്വീകരിച്ചു വരുന്നു. 2023-24 സാമ്പത്തിക വർഷത്തിൽ 24214 ഹോട്ടലുകൾ പരിശോധന നടത്തുകയും 2144 സ്ഥാപനങ്ങൾക്ക് റെക്റ്റിഫിക്കേഷൻ നോട്ടീസുകൾ നൽകുകയും, 3986 സ്ഥാപനങ്ങൾക്ക് കോമ്പൗണ്ടിംഗ് നോട്ടീസ് നൽകുകയും 953 സ്ഥാപനങ്ങൾക്ക് ക്ലോഷർ നോട്ടീസ് നൽകുകയും ചെയ്തിട്ടുണ്ട്. മേൽ കാലയളവിൽ ഹോട്ടലുകളിൽ നിന്ന് 475 സ്റ്റാറ്റ്യൂട്ടറി സാമ്പിളുകൾ ശേഖരിച്ച് ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള അനലിറ്റിക്കൽ ലാബുകളിൽ പരിശോധനയ്ക്ക് നൽകിയതിന്റെ പരിശോധനാ ഫലം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ 82 പ്രോസിക്യൂഷൻ കേസുകളും 108 അഡ്ജ്യൂഡിക്കേഷൻ കേസുകളും വിവിധ കോടതികളിൽ ഫയൽ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ